സമ്പൂർണ്ണ ശുചിത്വ യജ്ഞം
വയനാട് ജില്ല

സ്കൂൾ ശുചിത്വ പരിപാടി
Zero Waste School Campaign

എന്ത്കൊണ്ട് സ്കൂൾ ശുചിത്വ പരിപാടി?

- വൃത്തിയായ പരിസരവും ശുദ്ധജലവും ഓരോ കുട്ടിയുടെയും അവകാശമാണ്.
- കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്ക് ആവശ്യമായ പോഷകമൂല്യങ്ങൾ രോഗങ്ങൾ മൂലം അവർക്ക് നഷ്ടപ്പെടുന്നു. വൃത്തി ഹീന മായ പരിസരങ്ങളിൽ പാർക്കുന്ന കുട്ടികളിൽ രോഗങ്ങൾ വേഗത്തിൽ പ്രത്യക്ഷപ്പെടുന്നു.
- മുതിർന്നവരേക്കാൾ വേഗം പുതിയ ആശയങ്ങൾ കുട്ടികൾ സ്വീകരിക്കുകയും അവ അവരുടെ ലോക വീക്ഷണത്തിന്റെ ഭാഗമാകുകയും ചെയ്യു ന്നു.

- വ്യക്തിത്വ വികാസത്തിന്റെ പ്രധാന അവസരമായ കൗമാര പ്രായത്തിൽ കൂട്ടുകാരുടെയും (Peer group pressure) അദ്ധ്യാപകരുടെയും സ്വാധീനം സ്ഥായിയായ മാറ്റങ്ങൾ കുട്ടികളിൽ വരുത്താൻ ഇടയാക്കുന്നു.
- 52 ലക്ഷം കുട്ടികളും, 12353 സ്കൂളുകളും, 184879 അദ്ധ്യാപകരും/അദ്ധ്യാപികമാരും ചേരുന്ന സംഘശക്തിയെ സമൂഹത്തിൽ വ്യാപിപ്പിക്കുവാൻ ഉപയോഗപ്പെടുത്താം. അങ്ങനെ സ്കൂളിലെ ശുചിത്വവും അവിടെനിന്നുമുള്ള ശുചിത്വ വ്യാപനവും സാധിക്കും.

- 30% സ്കൂളുകളിൽ ഇനിയും അടിസ്ഥാന ശുചിത്വ സൗകര്യങ്ങൾ ഏത്തേണ്ടതായുണ്ട്. പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന സ്കൂളുകളാണ് ഇതിലേറെയും.
- വളർന്നു വരുന്ന കുട്ടി, ജീവിതത്തിൽ ആദ്യം ബന്ധപ്പെടുന്ന പൊതു സ്ഥാപനം സ്കൂളാണ്. ഇവിടെ കാണുന്നതും ഇവിടെ നിന്ന് പഠിക്കുന്നതും ഭാവി ജീവിതത്തിൽ ശക്തമായ പ്രേരണകളാകും

ലക്ഷ്യങ്ങൾ

- സ്കൂളുകളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് വിദ്യാർത്ഥികൾ – അദ്ധ്യാപകർ – രക്ഷിതാക്കൾ എന്നിവരുടെ കൂട്ടായ്മ രൂപപ്പെടുത്തുക.
- മുഴുവൻ സ്ക്കൂളുകളിലും ഹെൽത്ത് & സാനിറ്റേഷൻ ക്ലബ്ബുകൾ രൂപീകരിക്കുക, നിലവിലുള്ളവ ശക്തിപ്പെടുത്തുക.
- ത്രിതല പഞ്ചായത്തുകൾ, സമ്പൂർണ്ണ ശുചിത്വ യജ്ഞം, സർവ്വശിക്ഷാ അഭിയാൻ എന്നീ വിവിധ ഏജൻസികൾ നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക–അവയുടെ സമയബന്ധിത മോണിറ്ററിംഗ് സംഘടിപ്പിക്കുക.

- സമ്പൂർണ്ണ ശുചിത്വ യജ്ഞവുമായി ബന്ധപ്പെടുത്തി ജില്ല–ഉപജില്ല/ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ വിപുലമായ അദ്ധ്യാപക–രക്ഷകർത്തൃ പരിശീലന പരിപാടികൾ സംഘടിപ്പിക്കുക.
- സ്കൂളുകൾ സമൂഹത്തിന്റെ പൊതു സ്വത്താണെന്നും അവ വൃത്തിയായും വെടിപ്പായും സൂക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്നും ബോധം രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, അദ്ധ്യാപകർ എന്നിവരിൽ സൃഷ്ടിക്കുക, തദ്വാര വിദ്യാഭ്യാസ രംഗത്തെ ബഹുജന പങ്കാളിത്തം വർദ്ധിപ്പിക്കുക, പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്തുക, ശക്തിപ്പെടുത്തുക, നില നിർത്തുക.

എങ്ങനെയാണ് സ്കൂൾ ശുചിത്വം?

- ശുചിത്വാരോഗ്യത്തിന്റെ പുതിയ ഒരു സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുക
- വ്യാപകമായി നിലവിലുള്ള വ്യക്തി കേന്ദ്രീക്രത മനോഭാവത്തിനു പകരം പൗരബോധത്തിലൂന്നിയ വിശാലമായ ഒരു ലോക വീക്ഷണ കുട്ടികളിൽ വളർത്തുക.
- ശുചിത്വ പ്രവർത്തനങ്ങളിൽ കൂട്ടായ്മയുടെ നിർണ്ണായകമായ പങ്ക് കുട്ടികൾ മനസ്സിലാക്കുക.

പ്രവർത്തന ഉള്ളടക്കം

1. ഭൗതിക സൗകര്യങ്ങളുടെ നിർമ്മാണം.

2. ഉപയോഗ സംരക്ഷണം

3. ആരോഗ്യ വിദ്യാഭ്യാസ ക്യാമ്പയിൻ

ഭൗതിക സൗകര്യങ്ങളുടെ നിർമ്മാണം

- ശുചിത്വം ഉറപ്പ് വരുത്തുന്നതിനാവശ്യമായ കക്കൂസ്, മൂത്രപ്പുര, ഖര – ദ്രവ മാലിന്യ സംസ്കരണ സംവിധാനം, വൃത്തിയുള്ള കഞ്ഞിപ്പുര.
- മേൽ സംവിധാനങ്ങൾ ഉണ്ടോ എന്നു മാത്രമല്ല പര്യാപ്തമാണ് എന്ന് ഉറപ്പ് വരുത്തൽ. (വിദ്യാർത്ഥികളുടെ എണ്ണവും ടോയ്‌ലറ്റ് യൂണിറ്റുകളും തമ്മിലുള്ള അനുപാതം)

ഉപയോഗ സംരക്ഷണം

- ശുചിത്വ സംവിധാനങ്ങൾ എല്ലാവരും ഉപയോഗിക്കുന്നുണ്ടെന്ന ഉറപ്പ് വരുത്തൽ.
- ഉപയോഗ യോഗ്യമാണെന്ന ഉറപ്പ് വരുത്തൽ
- വ്യക്തമായ ശുചീകരണ സംവിധാനം ഉറപ്പ് വരുത്തൽ.
- സംവിധാനങ്ങളുടെ ദീർഘകാല നിലനില്പ്പ് ഉറപ്പ് വരുത്തൽ.

ആരോഗ്യ വിദ്യാഭ്യാസ ക്യാമ്പയിൻ

- വ്യക്തി ശീലങ്ങളിലും മനോഭാവത്തിലും ഗുണപരമായ മാറ്റം ലക്ഷ്യം വച്ചുള്ള ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ.

Thanks

Zero Waste School Camapaign -
TSC Wayanad

ഭാവി പരിപാടികൾ

- എല്ലാ സ്കൂളുകളിലും അടിയന്തിര യോഗം.

1. അദ്ധ്യാപകർ
2. പി.ടി.എ, മദർ പി.ടി.എ ഭാരവാഹികൾ,
3. വാർഡ് മെമ്പർ,
4. ആ പഞ്ചായത്തിലെ തന്നെ മറ്റൊരു വിദ്യാലയത്തിലെ പരിശീലനത്തിൽ പങ്കെടുത്ത അദ്ധ്യാപകൻ എന്നിവരാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്

ഹെൽത്ത് ക്ലബ്ബ്

- രൂപീകരിക്കാത്ത വിദ്യാലയങ്ങളിൽ അടിയന്തിര മായി രൂപീകരിക്കണം.

- രൂപീകരിച്ച സ്കൂളുകളിൽ ആയത് ശക്തിപ്പെടു ത്തണം.

സ്കൂൾതല ഹെൽത്ത് & സാനിറ്റേഷൻ ക്ലബ്ബ്

- ശുചിത്വ പരിപാടികൾ കുട്ടികളുടെ ഉത്തരവാദിത്വത്തിൽ തന്നെ നടക്കണം എന്ന ഉദ്ദേശ്യം.
- ക്ലബ്ബിന്റെ ചുമതല താൽപ്പര്യമുള്ള രണ്ടോ മൂന്നോ അദ്ധ്യാപകർക്ക് ഏറ്റെടുക്കാം
- പെൺകുട്ടികളുള്ള സ്കൂളിൽ അദ്ധ്യാപികമാരുടെ പങ്കാളിത്തം ഉറപ്പാക്കണം
- ക്ലബ്ബുകളുടെ രൂപീകരണത്തിൽ/സജീവമാക്കലിൽ പി.ടി.എ യുടെ സഹകരണം ഉറപ്പ് വരുത്തണം.

ക്ലാസ്സ്തല ഹെൽത്ത് & സാനിറ്റേഷൻ ക്ലബ്ബ്

- ഓരോ ക്ലാസ്സിലും ചുരുങ്ങിയത് അഞ്ച് കുട്ടികൾ വീതം ഉൾപ്പെടുന്ന ഉപസമിതി.
- പെൺകുട്ടികളുടെ മതിയായ പ്രാതിനിധ്യം
- ക്ലാസ്സ് ടീച്ചർ ക്ലബ്ബിന്റെ അഡ്വൈസർ

ശുചിത്വ സർവ്വെ

- ഓരോ സ്കൂളിന്റെയും ഭൗതിക സാഹചര്യം മനസ്സിലാക്കുന്നതിന് ശുചിത്വ സർവ്വെ സ്കൂൾ സാനിറ്റേഷൻ & ഹെൽത്ത് ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്താവുന്നതാണ്.
- ശുചിത്വ സർവ്വെയിൽ നിന്ന് ശുചിത്വ സമീപന രേഖയിലേക്ക്

സ്കൂളിനൊരു ശുചിത്വ സമീപന രേഖ

- ആമുഖം
- നിലവിലെ അവസ്ഥ
- സ്ഥിതി വിവരകണക്കുകൾ
- പ്രശ്നങ്ങൾ
- പ്രശ്ന സാദ്ധ്യതകൾ
- പരിഹാര മാർഗ്ഗങ്ങൾ
- സ്കൂൾതല സാങ്കേതിക മാതൃകകൾ

ശുചിത്വ സമീപനരേഖ സജീവ ചർച്ചക്ക് വിധേയമാക്കണം.

- സ്കൂൾ പാർലമെന്റിൽ
- പി.ടി.എയിൽ
- പഞ്ചായത്ത് എഡ്യുക്കേഷൻ കമ്മിറ്റിയിൽ
- ഗ്രാമസഭയിൽ
- പഞ്ചായത്ത് ഭരണ സമിതിയിൽ

Thanks

Zero Waste School Camapaign -
TSC Wayanad